**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**
**ഹാജർ :– ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി**
**2026 – മാണ്ട് മാർച്ച് മാസം 26 –)ം തീയതി**

# ST. No. 69 / 2018

പരാതിക്കാരൻ : കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്
പോലീസ് സബ്ബ് ഇൻസ്പെക്ടർ,
അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 783/2017
(പ്രതിനിധീകരിക്കുന്നത് ശ്രീമതി ഫരീദ ടി.കെ,
A.P.P. സീനിയർ ഗ്രേഡ്)

കുറ്റാരോപിതർ :

1. രാജേഷ് , 46 വയസ്സ്, S/o രാജൻ
   പുത്തൻപറമ്പ്, തോട്ടപ്പള്ളി മുറി, പുറക്കാട് പഞ്ചായത്ത്
   വാർഡ് – 9, ആലപ്പുഴ

2. ബാലൻ , 75 വയസ്സ് , S/o വേലായുധൻ
   പുതുവൽ, തോട്ടപ്പള്ളി മുറി, പുറക്കാട് പഞ്ചായത്ത്
   വാർഡ് – 9, ആലപ്പുഴ

3. എം.ടി മധു, 57 വയസ്സ്, S/o തമ്പി
   മാമ്പലയിൽ, കരൂർ മുറി, പുറക്കാട് പഞ്ചായത്ത്
   വാർഡ് – 9, ആലപ്പുഴ

4. പി.പി നിജി, 47 വയസ്സ്, S/o പുരുഷൻ
   വണ്ടിയാൽ പറമ്പ്, തോട്ടപ്പള്ളി മുറി,
   പുറക്കാട് പഞ്ചായത്ത് വാർഡ് – 9, ആലപ്പുഴ

5. സാബു, 53 വയസ്സ് , S/o പുരുഷൻ
   കോളനി നമ്പർ 76, തോട്ടപ്പള്ളി മുറി,
   പുറക്കാട് പഞ്ചായത്ത് വാർഡ് – 9, ആലപ്പുഴ

6. രാജീവൻ, 64 വയസ്സ് , S/o സുകുമാരൻ
   അരുൺ ഭവനം, തോട്ടപ്പള്ളി മുറി, പുറക്കാട് പഞ്ചായത്ത്
   വാർഡ് – 9, ആലപ്പുഴ

7. വിജയൻ, 72 വയസ്സ്, S/o ഹരിദാസ്
   സബർമതി, തോട്ടപ്പള്ളി, പുറക്കാട് പഞ്ചായത്ത്
   വാർഡ് – 9, ആലപ്പുഴ

8. ജി.ജിനേഷ്, 44 വയസ്സ്, S/o ഗോപിനാഥൻ
പുതുവൽ, തോട്ടപ്പള്ളി മുറി, പുറക്കാട് പഞ്ചായത്ത്
വാർഡ് – 17, ആലപ്പുഴ

(1 മുതൽ 8 വരെ പ്രതികളെ പ്രതിനിധീകരിക്കുന്നത്
അഡ്വ. അനു.ജി.തോട്ടപ്പള്ളി)

കുറ്റം : ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,323,353,427 വകുപ്പുകൾ

പ്രതി വാദം : കുറ്റം ചെയ്തിട്ടില്ല

കണ്ടെത്തൽ : കുറ്റം ചെയ്തിട്ടില്ല

വിധി : ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം
1 മുതൽ 8 വരെ പ്രതികളെ കുറ്റവിമുക്തരാക്കിയിരിക്കുന്നു.

## പ്രതികളുടെ വിവരണം

| നം. | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ്സ് |
|---|---|---|---|---|---|
| 1. | രാജേഷ് | രാജൻ | ...... | പുത്തൻപറമ്പ്, തോട്ടപ്പള്ളി മുറി, പുറക്കാട് പഞ്ചായത്ത് , വാർഡ് – 9, ആലപ്പുഴ | 46 |
| 2. | ബാലൻ | വേലായുധൻ | ...... | പുതുവൽ, തോട്ടപ്പള്ളി മുറി, പുറക്കാട് പഞ്ചായത്ത് , വാർഡ് – 9, ആലപ്പുഴ | 75 |
| 3. | എം.ടി മധു | തമ്പി | ...... | മാമ്പലയിൽ, കരുർ മുറി, പുറക്കാട് പഞ്ചായത്ത് , വാർഡ് – 9, ആലപ്പുഴ | 57 |
| 4. | പി.പി നിജി | പുരുഷൻ | ...... | വണ്ടിയാൽ പറമ്പ്, തോട്ടപ്പള്ളി മുറി, പുറക്കാട് പഞ്ചായത്ത് വാർഡ് – 9, ആലപ്പുഴ | 47 |

| | | | | | |
|---|---|---|---|---|---|
| 5. | സാബു | പുരുഷൻ | ...... | കോളനി നമ്പർ 76,<br>തോട്ടപ്പള്ളി മുറി,<br>പുറക്കാട് പഞ്ചായത്ത്<br>വാർഡ് – 9, ആലപ്പുഴ | 53 |
| 6. | രാജീവൻ | സുകുമാരൻ | ...... | അരുൺ ഭവനം,<br>തോട്ടപ്പള്ളി മുറി,<br>പുറക്കാട് പഞ്ചായത്ത്<br>വാർഡ് – 9, ആലപ്പുഴ | 64 |
| 7. | വിജയൻ | ഹരിദാസ് | ...... | സബർമതി, തോട്ടപ്പള്ളി,<br>പുറക്കാട് പഞ്ചായത്ത്<br>വാർഡ് – 9, ആലപ്പുഴ | 72 |
| 8. | ജി.ജിനേഷ് | ഗോപിനാഥൻ | ...... | പുതുവൽ, തോട്ടപ്പള്ളി മുറി,<br>പുറക്കാട് പഞ്ചായത്ത്<br>വാർഡ് – 17, ആലപ്പുഴ | 44 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | ഫൈനൽ റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതികൾ ഹാജരായത് / അറസ്റ്റ് ചെയ്തത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാ–നിച്ചത് | വിധി |
|---|---|---|---|---|---|---|---|
| 24.06.2017 | 24.06.2017 | 31.01.2018 | 30.04.2018 | 30.04.2018 | 16.10.2025 | 23.03.2026 | 26.03.2026 |

ഈ കേസ് 23.03.2026 തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വന്നതിൽ 26.03.2026 തീയതി ഈ കോടതി പ്രസ്താവിക്കുന്ന

## വിധി ന്യായം

1. ഈ കേസ് അമ്പലപ്പുഴ പോലീസ് ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,323,353,427 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈംനമ്പർ 783/2017 ആയി അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ചതാണ്.

2. പ്രോസിക്യൂഷൻ ആരോപണങ്ങൾ ചുരുക്കത്തിൽ താഴെ പറയും വിധമാണ്:

പ്രതികൾക്ക് ഒന്നാം സാക്ഷി മാനേജരായി ജോലി നോക്കുന്ന കൺസ്യൂമർ ഫെഡ് ബിവറേജസിന്റെ ഔട്ട്ലെറ്റ് തോട്ടപ്പള്ളിയിൽ പ്രവർത്തിക്കുന്നതിലുള്ള വിരോധം നിമിത്തം ആക്ഷൻ കൗൺസിൽ പ്രവർത്തകരായ ഒന്നും രണ്ടും പ്രതികളുടെ നേതൃത്വത്തിൽ കണ്ടാലറിയാവുന്ന 13-ഓളം പ്രതികൾ അന്യായമായി സംഘം ചേർന്ന് തങ്ങൾ ഓരോരുത്തരും ടി സംഘത്തിലെ അംഗങ്ങളാണെന്ന അറിവോട്ടുകൂടി 24.06.2017 തീയതി വൈകുന്നേരം 5.45 മണിയോട്ടുകൂടി പുറക്കാട് പഞ്ചായത്ത് 9-)o വാർഡിൽ ആലപ്പുഴ-കൊല്ലം NH റോഡിന്റെ സമീപത്ത് ബിവറേജസിന് മുൻവശം കോമ്പൗണ്ടിൽ അതിക്രമിച്ച് കയറി ഒന്നാം പ്രതി ടി സ്ഥാപനത്തിലെ ഹെൽപ്പറായ രണ്ടാം സാക്ഷിയെ കൈ കൊണ്ട് അടിച്ചും കാലുകൊണ്ട് നാഭിക്ക് ചവിട്ടിയും ടി സാക്ഷിയുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സപ്പെടുത്തിയും സെക്യൂരിറ്റി ജീവനക്കാരനായ രണ്ടാം സാക്ഷിയെ ഒന്നാം പ്രതി പിടിച്ച് തള്ളി താഴെയിട്ടും രണ്ടാം പ്രതി കല്ല് കൊണ്ട് എറിഞ്ഞ് ടി സ്ഥാപനത്തിന്റെ ജനാല ഗ്ലാസ്സുകൾ പൊട്ടിച്ചതിൽ വെച്ച് സ്ഥാപനത്തിന് 3000/- രൂപയുടെ നഷ്ടം സംഭവിക്കുന്നതിനും പ്രതികൾ കൃത്യത്തിന് പരസ്പരം ഭാഗഭാക്കുകളായി പ്രവർത്തിച്ച് മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തു എന്നതാണ് കുറ്റച്ചുരുക്കം.

3. ക്രിമിനൽ നടപടി ചട്ടം 173 വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം ഈ കോടതി മുമ്പാകെ സമർപ്പിച്ചു. ടി റിപ്പോർട്ട് യഥാവിധി പരിശോധിച്ചു. പരിഗണനയ്ക്ക് എടുക്കാൻ തക്കമുള്ള കാരണങ്ങൾ കുറ്റപത്രത്തിൽ ഉണ്ടെന്ന് കണ്ടു കേസ് ഫയലിൽ എടുത്തു. 1 മുതൽ 8 വരെ പ്രതികൾക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

4. 1 മുതൽ 8 വരെ പ്രതികൾ ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരാകുകയും ജാമ്യത്തിന് അർഹരായതിനാൽ ടി പ്രതികളെ ജാമ്യത്തിൽ വിടുകയും ചെയ്തു.

5. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ 1 മുതൽ 8 വരെ പ്രതികൾക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണെന്ന് സമ്മതിച്ചു സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി ചട്ടം 207 വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. 1 മുതൽ 8 വരെ പ്രതികളെ ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,323,353,427 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതി കുറ്റം നിഷേധിച്ചു. വിചാരണ വേണം എന്ന് ആവശ്യപ്പെട്ടു.

7. വിചാരണ ഭാഗം തെളിവിലേക്കായി PW1 മുതൽ PW4 വരെ സാക്ഷികളെ വിസ്തരിക്കുകയും ജാപ്ത P1 രേഖ അക്കമിടുകയും ചെയ്തു. ആയത് തെളിവിൽ സ്വീകരിച്ചു. ഇതോടെ വിചാരണ ഭാഗം തെളിവ് അവസാനിപ്പിച്ചു. 1 മുതൽ 8 വരെ പ്രതികളെ ക്രിമിനൽ നടപടി ചട്ടം 313(1)(b) വകുപ്പ് പ്രകാരം ചോദ്യം ചെയ്തു. പ്രതികൾ തെളിവുകൾ നിഷേധിക്കുകയും തങ്ങൾ നിരപരാധികൾ ആണെന്ന് ആവർത്തിക്കുകയും ചെയ്തു.

8. പ്രതിഭാഗത്ത് നിന്ന് തെളിവുകൾ ബോധിപ്പിക്കുന്നതിന് അവസരം നൽകിയെങ്കിലും യാതൊരു വിധ തെളിവുകളും ഹാജരാക്കുകയുണ്ടായില്ല.

9. ഇരുഭാഗവും വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

10. താഴെ പറയുന്ന ചോദ്യങ്ങൾ കോടതിയുടെ പരിഗണനയ്ക്കായി വന്നു.

I). പ്രതികൾക്ക് ഒന്നാം സാക്ഷി മാനേജരായി ജോലി നോക്കുന്ന കൺസ്യൂമർ ഫെഡ് ബിവറേജസിന്റെ ഔട്ട്ലെറ്റ് തോട്ടപ്പള്ളിയിൽ പ്രവർത്തിക്കുന്നതിലുള്ള വിരോധം നിമിത്തം ആക്ഷൻ കൗൺസിൽ പ്രവർത്തകരായ ഒന്നും രണ്ടും പ്രതികളുടെ നേതൃത്വത്തിൽ കണ്ടാലറിയാവുന്ന 13-ഓളം പ്രതികൾ അന്യായമായി സംഘം ചേർന്ന് തങ്ങൾ ഓരോരുത്തരും ടി സംഘത്തിലെ അംഗങ്ങളാണെന്ന അറിവോടുകൂടി 24.06.2017 തീയതി വൈകുന്നേരം 5.45 മണിയോടുകൂടി പുറക്കാട് പഞ്ചായത്ത് 9-)o വാർഡിൽ ആലപ്പുഴ-കൊല്ലം NH റോഡിന്റെ സമീപത്ത് ബിവറേജസിന് മുൻവശം കോമ്പൗണ്ടിൽ അതിക്രമിച്ച് കയറി ഒന്നാം പ്രതി ടി സ്ഥാപനത്തിലെ ഹെൽപ്പറായ രണ്ടാം സാക്ഷിയെ കൈ കൊണ്ട് അടിച്ചും കാലുകൊണ്ട് നാഭിക്ക് ചവിട്ടിയും ടി സാക്ഷിയുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സപ്പെടുത്തിയും സെക്യൂരിറ്റി ജീവനക്കാരനായ രണ്ടാം സാക്ഷിയെ ഒന്നാം പ്രതി പിടിച്ച് തള്ളി താഴെയിട്ടും രണ്ടാം പ്രതി കല്ല് കൊണ്ട് എറിഞ്ഞ് ടി സ്ഥാപനത്തിന്റെ ജനാല ഗ്ലാസ്സുകൾ പൊട്ടിച്ചതിൽ വെച്ച് സ്ഥാപനത്തിന് 3000/- രൂപയുടെ നഷ്ടം സംഭവിക്കുന്നതിനും പ്രതികൾ കൃത്യത്തിന് പരസ്പരം ഭാഗഭാക്കുകളായി പ്രവർത്തിച്ച് ഇന്ത്യൻ ശിക്ഷാ നിയമം

143,147,149,323,353,427 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

II). കേസിലെ തീരുമാനം എന്താണ് ?

**<u>പരിഗണന വിഷയം I</u> :-**

11. ഈ കേസിലെ ആവലാതിക്കാരനെ PW1 ആയും, സംഭവ സാക്ഷികളെ PW2, PW3, PW4 ആയും വിചാരണ ഭാഗം കോടതി മുമ്പകെ വിസ്തരിച്ചിട്ടുള്ളതാണ്. കേസിന് ആസ്പദമായ സമരം താൻ കണ്ടിരുന്നു എന്നും സംഭവം നടന്നത് 2017-ലാണെന്നും മാസവും തീയതിയും ഓർമ്മയില്ല എന്നും സമരം തോട്ടപ്പള്ളിയിലുള്ള ബിവറേജസ് ഷോപ്പിന്റെ മുന്നിൽ വെച്ചാണ് നടന്നതെന്നും താൻ ടി ഷോപ്പിന്റെ ചാർജ് ഉള്ള ആളായിരുന്നു എന്നും ബിവറേജസ് ഷോപ്പ് സ്ഥലത്ത് വേണ്ട എന്ന് പറഞ്ഞാണ് സമരം നടന്നതെന്നും സമരത്തിൽ പത്ത് നൂറ് പേർ ഉണ്ടായിരുന്നു എന്നും സമരവുമായി ബന്ധപ്പെട്ട് ആളുകൾ വന്നിട്ട് മുദ്രാവാക്യം വിളിച്ച് സെക്യൂരിറ്റി ആയിട്ട് തർക്കം ഉണ്ടായി എന്നും സെക്യൂരിറ്റിയുടെ പേര് ഗോപി എന്നാണ് എന്നും ടിയാൻ മരിച്ചുപോയി എന്നും ഷോപ്പിലെ ജീവനക്കാരനുമായി സമരക്കാർ തർക്കമാകുകയും പിന്നീട് കട്ട എടുത്ത് ഷോപ്പിന്റെ ജനലിൽ എറിയുകയും ജനൽ ഗ്ലാസ് പൊട്ടിപ്പോകുകയും ആയത് സംബന്ധിച്ച് താൻ പോലീസിന് Ext.P1 പ്രഥമ വിവര മൊഴി കൊടുത്തു എന്നും എന്നാൽ ആരൊക്കെ ചേർന്നാണ് സമരം നടത്തി ഷോപ്പിന്റെ നേരെ കല്ലെറിഞ്ഞത് എന്ന് തനിക്ക് അറിയില്ല എന്നും രാജേഷ്, ബാലൻ എന്നിവരുടെ നേതൃത്വത്തിൽ സമരം നടത്തി കല്ലെറിഞ്ഞു എന്ന് താൻ പോലീസിൽ പറഞ്ഞത് കൃത്യമായി ഓർക്കുന്നില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ സമരത്തിലും ആക്രമണ പ്രവർത്തിയിലും ഉണ്ടായിരുന്നോ എന്ന് ഇത്രയും വർഷമായതിനാൽ തനിക്ക് അറിയില്ല എന്നും PW1 മുഖ്യവിസ്താര വേളയിൽ മൊഴി നൽകി. എതിർവിസ്താര വേളയിൽ താൻ ബിവറേജസ് ഷോപ്പിന്റെ അകത്തായതിനാൽ ആരൊക്കെയാണ് സമരത്തിൽ പങ്കെടുത്തത് എന്ന് കൃത്യമായി അറിയില്ല എന്നും തന്റെ ഡ്യൂട്ടി എല്ലാം കമ്പ്ലീറ്റ് ചെയ്ത ശേഷമാണ് Ext.P1 പ്രഥമ വിവര മൊഴി പോലീസിൽ കൊടുത്തത് എന്നും PW1 കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

12. കേസിന് ആസ്പദമായ സംഭവത്തിൽ തനിക്ക് പരിക്ക് പറ്റിയെന്നും 2018-ലാണ് സംഭവം നടന്നതെന്നും മാസവും തീയതിയും ഓർമ്മയില്ല എന്നും തോട്ടപ്പള്ളിയിലുള്ള ലിക്വർ ഷോപ്പിൽ വെച്ചാണ് സംഭവം നടന്നതെന്നും നൂറോളം

പേർ സമരത്തിൽ ഉണ്ടായിരുന്നു എന്നും താൻ വർക്ക് ചെയ്യുന്ന ലിക്വർ ഷോപ്പ് സ്ഥലത്ത് പാടില്ല എന്ന് പറഞ്ഞാണ് സമരം ചെയ്തതെന്നും എന്നാൽ ആരൊക്കെ ചേർന്നാണ് സമരം ചെയ്തത് എന്ന് തനിക്കറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ അന്നത്തെ സമരത്തിൽ ഉണ്ടായിരുന്നില്ല എന്നും മുഖ്യവിസ്താര വേളയിൽ PW2 മൊഴി നൽകിയിരിക്കുന്നു.

13. ഈ കേസിന് ആസ്പദമായ സംഭവം താൻ കണ്ടില്ല എന്നും സംഭവം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും 24.06.2017 തീയതിയിൽ വൈകിട്ട് 5 മണിയോട്ടുകൂടി തോട്ടപ്പള്ളി ബിവറേജസിന് സമീപം നിൽക്കുമ്പോൾ ഈ കേസിലെ പ്രതികൾ ആവലാതിക്കാരനെ ഉപദ്രവിക്കുന്നതായും നാശനഷ്ടം സംഭവിക്കുന്നത് കണ്ടതായും പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും PW3 മുഖ്യ വിസ്താര വേളയിൽ കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

14. ഈ കേസിലെ ഒന്നാം സാക്ഷിയെ അറിയാമെങ്കിലും ഈ കേസിന് ആസ്പദമായ സംഭവം താൻ കണ്ടില്ല എന്നും താൻ ഒന്നാം സാക്ഷി ജോലി ചെയ്ത ബിവറേജസ് ഷോപ്പിന്റെ സ്റ്റാഫ് ആയിരുന്നു എന്നും എന്നാൽ ഒന്നാം സാക്ഷിക്ക് പരിക്ക് പറ്റാൻ ഇടയായ സംഭവം താൻ കണ്ടിട്ടില്ല എന്നും സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും PW4 മുഖ്യവിസ്താര വേളയിൽ കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

15. ഈ കേസിലെ ആവലാതിക്കാരനെ PW1 ആയും, സംഭവ സാക്ഷികളെ PW2, PW3, PW4 ആയും വിചാരണ ഭാഗം കോടതി മുമ്പകെ വിസ്തരിച്ചിട്ടുള്ളതാണ്. ആവലാതിക്കാരനായ PW1 തനിക്ക് ചുമതല ഉണ്ടായിരുന്ന ലിക്വർ ഷോപ്പിൽ സംഭവ ദിവസം ഷോപ്പ് അവിടെ സ്ഥാപിക്കുന്നതിൽ പ്രതിഷേധവുമായി ബന്ധപ്പെട്ട് സമരം നടത്തി എന്നും കട്ട എടുത്ത് ഷോപ്പിന്റെ ജനലിലേക്ക് എറിഞ്ഞു ജനൽ ഗ്ലാസ്സുകൾ പൊട്ടിച്ചു എന്ന് പറഞ്ഞെങ്കിലും, ആരൊക്കെ ചേർന്നാണ് സമരം നടത്തിയതെന്നോ ഷോപ്പിന് നേരെ കല്ലെറിഞ്ഞതെന്നോ തനിക്ക് അറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ സമരത്തിലും ആക്രമണ പ്രവർത്തികളിലും ഏർപ്പെട്ടിട്ടുണ്ടോ എന്ന് ഇത്രയും വർഷം ആയതിനാൽ തനിക്ക് അറിയില്ല എന്നും കൂടാതെ ആരൊക്കെയാണ് സമരത്തിൽ പങ്കെടുത്തത് എന്ന് കൃത്യമായി തനിക്ക് അറിയില്ല എന്നും PW1 പറഞ്ഞു. ആവലാതിക്കാരൻ കോടതി മുമ്പാകെ പ്രതികളെ തിരിച്ചറിയാത്തതിനാൽ വിചാരണ ഭാഗം കേസിനെ ദുർബലപ്പെടുത്തുന്നു. സംഭവ സാക്ഷിയായ PW2 തോട്ടപ്പള്ളിയിലുള്ള ലിക്വർ

ഷോപ്പിൽ വെച്ചാണ് സംഭവം നടന്നതെന്നും മാസവും തീയതിയും ഓർമ്മയില്ല എന്നും താൻ വർക്ക് ചെയ്യുന്ന ലിക്കർ ഷോപ്പ് സ്ഥലത്ത് പാടില്ല എന്ന് പറഞ്ഞാണ് സമരം ചെയ്തതെന്നും എന്നാൽ ആരൊക്കെ ചേർന്നാണ് സമരം ചെയ്തത് എന്ന് തനിക്കറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ അന്നത്തെ സമരത്തിൽ ഉണ്ടായിരുന്നില്ല എന്നും PW2 മൊഴി നൽകി. മറ്റു സംഭവ സാക്ഷികളായ PW3, PW4 ഈ കേസിന് ആസ്പദമായ സംഭവം കണ്ടില്ല എന്നും സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും വളരെ വ്യക്തമായി കോടതി മുമ്പാകെ പറഞ്ഞു.

16. ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,323,353,427 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റത്തിന് പ്രതികളെ ശിക്ഷിക്കണമെങ്കിൽ പ്രതികൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം സംശയാതീതമായി തെളിയിക്കേണ്ടതുണ്ട്. കൂടാതെ സംഭവ സാക്ഷികളുടെ വളരെ കൃത്യവും വ്യക്തവുമായ മൊഴികളും അത്യന്ത്യാപേക്ഷിതമാണ്. എന്നാൽ ഈ കേസിൽ ആവലാതിക്കാരനായ ഒന്നാം സാക്ഷി (PW1) പ്രതികളെ കോടതി മുമ്പാകെ തിരിച്ചറിഞ്ഞിട്ടില്ല എന്ന് മാത്രമല്ല തനിക്ക് പ്രതികളുടെ ആക്രമണത്തിൽ പരിക്ക് പറ്റിയതിനെ പറ്റി യാതൊന്നും കോടതി മുമ്പാകെ പറഞ്ഞിട്ടില്ലാത്തതാണ്. കൂടാതെ സമരത്തിന്റെ നേതൃത്വം ആരാണ് നൽകിയതെന്നോ ആരൊക്കെ ചേർന്നാണ് സമരത്തിൽ പങ്കെടുത്തതെന്നോ കൃത്യമായി അറിയില്ല എന്നും പറഞ്ഞിട്ടുള്ളതാണ്. സംഭവ സാക്ഷിയായ PW2 കേസിന് ആസ്പദമായ സംഭവം കണ്ടിട്ടുണ്ടെങ്കിലും പ്രതികളെ കോടതി മുമ്പാകെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാണ് . മറ്റു സംഭവ സാക്ഷികളായ PW3, PW4 കേസിന് ആസ്പദമായ സംഭവം കണ്ടില്ല എന്നും സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും വളരെ വ്യക്തമായി കോടതി മുമ്പാകെ പറഞ്ഞിട്ടുള്ളതാണ് . ഈ കേസിൽ പ്രതികൾക്ക് എതിരെയുള്ള ആരോപണം തെളിയിക്കുന്നതിന് ഉതകുന്നതായ തെളിവുകൾ വിചാരണ ഭാഗം കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ലാത്തതാണ്.

*Section 143 of IPC lays down that "Whoever is a member of an unlawful assembly, shall be punished with imprisonment of either description for a term which may extend to six months, or with fine, or with both".*

*Section 147 of IPC lays down that "Whoever is guilty of rioting, shall be punished with imprisonment of either description for a term which may extend to two years, or with fine, or with both".*

*Section 149 of IPC lays down that "If an offence is committed by any member of an unlawful assembly in prosecution of the common object of that assembly, or such as the members of that assembly knew to be likely to be committed in prosecution of that object, every person who, at the time of the committing of that offence, is a member of the same assembly, is guilty of that offence".*

*Section 323 of IPC lays down that "Whoever, except in the case provided for by section 334, voluntarily causes hurt, shall be punished with imprisonment of either description for a term which may extend to one year, or with fine which may extend to one thousand rupees, or with both".*

*Section 353 of IPC lays down that "Whoever assaults or uses criminal force to any person being a public servant in the execution of his duty as such public servant, or with intent to prevent or deter that person from discharging his duty as such public servant, or in consequence of anything done or attempted to be done by such person to the lawful discharge of his duty as such public servant, shall be punished with imprisonment of either description for a term which may extend to two years, or with fine, or with both".*

*Section 427 of IPC lays down that "Whoever commits mischief and thereby causes loss or damage to the amount of fifty rupees or upwards, shall be punished with imprisonment of either description for a term which may extend to two years, or with fine, or with both".*

17. കേസിലെ Ext.P1 പ്രഥമ വിവര പ്രസ്താവന നൽകിയ PW1 ഈ കേസിലെ ആവലാതിക്കാരനാണ്. തനിക്ക് ചുമതല ഉണ്ടായിരുന്ന ലിക്വർ ഷോപ്പിൽ സംഭവ ദിവസം ഷോപ്പ് അവിടെ സ്ഥാപിക്കുന്നതിൽ പ്രതിഷേധവുമായി ബന്ധപ്പെട്ട് സമരം നടത്തി എന്നും കട്ട എടുത്ത് ഷോപ്പിന്റെ ജനലിലേക്ക് എറിഞ്ഞു ജനൽ ഗ്ലാസ്സുകൾ പൊട്ടിച്ചു എന്ന് പറഞ്ഞെങ്കിലും ആരൊക്കെ ചേർന്നാണ് സമരം നടത്തിയതെന്നോ ഷോപ്പിന് നേരെ കല്ലെറിഞ്ഞതെന്നോ തനിക്ക് അറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ സമരത്തിലും ആക്രമണ പ്രവർത്തികളിലും ഏർപ്പെട്ടിട്ടുണ്ടോ എന്ന് ഇത്രയും വർഷം ആയതിനാൽ തനിക്ക് അറിയില്ല എന്നും കൂടാതെ ആരൊക്കെയാണ് സമരത്തിൽ പങ്കെടുത്തത് എന്ന് കൃത്യമായി തനിക്ക് അറിയില്ല എന്നും PW1 പറഞ്ഞു. സംഭവ സാക്ഷിയായ PW2 കേസിന്

ആസ്പദമായ സംഭവം കണ്ടിട്ടുണ്ടെങ്കിലും പ്രതികളെ കോടതി മുമ്പാകെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാണ്. കൂടാതെ മറ്റു സംഭവ സാക്ഷികളായ PW3, PW4 കേസിന് ആസ്പദമായ സംഭവം കണ്ടില്ല എന്നും സംഭവം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും വളരെ വ്യക്തമായി കോടതി മുമ്പാകെ പറഞ്ഞിട്ടുള്ളതാണ്. പ്രതികൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം സംശയാതീതമായി തെളിയിച്ചാൽ മാത്രമെ ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,323,353,427 എന്നീ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷ പ്രതികൾക്ക് നൽകാൻ സാധിക്കുകയുള്ളു. എന്നാൽ വിചാരണ ഭാഗം പ്രതികൾക്കെതിരെ ആരോപിക്കപ്പെട്ട കുറ്റങ്ങൾ തെളിയിക്കുന്നതിലും തെളിവ് ഹാജരാക്കുന്നതിലും സംഭവം നേരിട്ട് കണ്ട ആളുകളെ സാക്ഷികളായി കോടതിയിൽ ഹാജരാക്കുന്നതിലും പരാജയപ്പെട്ടിരിക്കുന്നു.

18. ഈ കേസിലെ സംഭവ സാക്ഷികളായി സാക്ഷി പട്ടികയിൽ കാണിച്ചവരാണ് 1 മുതൽ 4 വരെ ഉള്ള സാക്ഷികൾ. എന്നാൽ സാക്ഷികളിൽ ആരും തന്നെ കേസിന് ആസ്പദമായ കൃത്യം ചെയ്തത് ആരാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. സംഭവത്തിൽ പരിക്ക് പറ്റിയവർ പോലും കേസിൽ വിചാരണ നേരിടുന്ന പ്രതികളാണ് കൃത്യം ചെയ്തത് എന്ന് മൊഴി പറഞ്ഞിട്ടില്ല. ആയതിനാൽ വിചാരണ ഭാഗം സാക്ഷികളുടെ മൊഴികളും രേഖകളും പ്രതികൾക്ക് എതിരെയുള്ള അപരാധം തെളിയിക്കുന്നതിന് അപര്യാപ്തമാണ്. ആയതിനാൽ പ്രതികളുടെ അപരാധം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്നും 1 മുതൽ 8 വരെ പ്രതികൾ നിരപരാധികൾ ആണെന്നും ഫലത്തിൽ കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം II</u> :-**

19. മേൽ പറഞ്ഞ പരിഗണന വിഷയത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 8 വരെ പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,323,353,427 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതികളെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തരാക്കിയിരിക്കുന്നു. 1 മുതൽ 8 വരെ പ്രതികളുടെ ജാമ്യച്ചീട്ടുകൾ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. 1 മുതൽ 8 വരെ പ്രതികളെ നിരുപാധികം സ്വതന്ത്രർ ആയി വിട്ടയക്കുന്നു.

ഈ വിധിക്ക് എതിരായി ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 26 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

**<u>അനുബന്ധം</u>**

A. പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | രതീഷ് കുമാർ |
| PW2 | രാംലാൽ |
| PW3 | രഞ്ജിത്ത് |
| PW4 | ശ്യാംമോഹൻ |

B.കുറ്റാരോപിതർ ഭാഗം സാക്ഷികൾ - ഇല്ല

C.കോടതി ഭാഗം സാക്ഷികൾ - ഇല്ല

D.പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW4) | പ്രഥമ വിവര പ്രസ്താവന |

E. കുറ്റാരോപിതർ ഭാഗം തെളിവുകൾ - ഇല്ല

F. കോടതി ഭാഗം തെളിവുകൾ - ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ - ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**